"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് നഗരത്തെ UNESCO അംഗീകരിച്ച് സാഹിത്യ നഗരമായി മാറ്റുന്നതിന്റെ ഭാഗമായി നഗരസഭാ ആവിഷ്കരിച്ച City of Literature Kozhikode പദ്ധതിയുടെ എൻഡോഴ്സ്മെന്റ് കേന്ദ്ര സർക്കാറിൽ നിന്നും ലഭ്യമാക്കുന്നതിനായി വിമാന മാർ ഗ്ഗം ഡൽഹി യാത്ര നടത്തിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2575/2023/LSGD തീയതി,തിരുവനന്തപുരം, 26-12-2023

---

പരാമർശം:-

1. കോഴിക്കോട് നഗരസഭ സെക്രട്ടറിയുടെ 21.07.2023 ലെ D1/82411/2022 നമ്പർ കത്ത്.

2. തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 05.09.2023 തീയതിയിലെ LSGD/PD/54218/2023-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് നഗരത്തെ UNESCO അംഗീകരിച്ച് സാഹിത്യ നഗരമായി മാറ്റുന്നതിന്റെ ഭാഗമായി നഗരസഭ ആവിഷ്കരിച്ച 'City of Literature Kozhikode' പദ്ധതിയുടെ എൻഡോഴ്സ്മെന്റ് കേന്ദ്ര സർക്കാറിൽ നിന്നും ലഭ്യമാക്കുന്നതിനായി 11/06/2023 മുതൽ 14/06/2023 വരെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയർ, നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർക്ക് കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതിക്ക് അനുവാദം വാങ്ങേണ്ടിയിരുന്നതിൻറെ ഭാഗമായി വളരെ പെട്ടന്ന് വിമാന മാർഗ്ഗം ഡൽഹി യാത്ര നടത്തേണ്ടി വന്നതിനാൽ സംസ്ഥാന സർക്കാരിൽ നിന്നും മുൻകൂട്ടി അനുമതി വാങ്ങാൻ കഴിഞ്ഞിരുന്നില്ലന്നും ആകയാൽ മേൽ പറഞ്ഞ വിമാന മാർഗ്ഗമുള്ള ഡൽഹി യാത്രക്ക് സാധുകരണം തേടിക്കൊണ്ട് കോഴിക്കോട് നഗരസഭ സെക്രട്ടറി , റൂറൽ ഡയറക്ടർ മുഖേന പരാമർശം(2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് നഗരത്തെ UNESCO അംഗീകരിച്ച സാഹിത്യ നഗരമായി മാറ്റുന്നതിന്റെ ഭാഗമായി നഗരസഭ ആവിഷ്കരിച്ച 'City of Literature Kozhikode' പദ്ധതിയുടെ എൻഡോഴ്സ്മെന്റ് കേന്ദ്ര സർക്കാറിൽ നിന്നും ലഭ്യമാക്കുന്നതിനായി 11/06/2023 മുതൽ 14/06/2023 വരെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയർ, നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർ കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതിക്ക് അനുവാദം വാങ്ങേണ്ടതിന്റെ ഭാഗമായി അടിയന്തരമായി വിമാന മാർഗ്ഗം ഡൽഹി യാത്ര നടത്തിയ നടപടിക്ക് സാധൂകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/157/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
സെക്ഷൻ ഓഫീസർ
Date: 27-12-2023 11:34:19

പകർപ്പ്- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.